"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- "മോണമെന്റ്സ്- മുസരിസ് ഹെറിറ്റേജ് പ്രോജക്ട്സ്" എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.163/2025/TSM തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം.92/2020/ടൂറിസം, തീയതി 17-02-2020.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 31-08-2024, 13-02-2025 എന്നീ തീയതികളിലെ DOT/14443/2023-P2 നമ്പർ കത്തുകൾ.
3. G.O(MS) No.21/2024/PWD dated 02-04-2024

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "മോണമെന്റ്സ്- മുസരിസ് ഹെറിറ്റേജ് പ്രോജക്ട്സ്" എന്ന പ്രവൃത്തിയ്ക്ക് "5452-01-800-84 മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്" എന്ന ശീർഷകത്തിൽ നിന്നും ₹3,28,86,800/- രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, പ്രസ്തുത പ്രവൃത്തി M/s. INKEL Ltd. എന്ന സ്ഥാപനം മുഖേന 12 മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുന്നതിനുമായി പരാമർശം (1) പ്രകാരം അനുതി നൽകി ഉത്തരവായിരുന്നു.

2. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എറണാകുളം,തൃശ്ശൂർ ജില്ലകളിലെ പ്രവൃത്തികളുടെ സ്കോപ്പ് ഓഫ് വർക്കിൽ ചില വ്യതിയാനങ്ങൾ വരുത്തിയത് പരിശോധിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നുവെന്നും, ആയതിനാൽ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ലായെന്നും, നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും, പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി കഴിഞ്ഞതിനാൽ പൂർത്തിയായ പദ്ധതി പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ചു നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണെന്നും, ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ തുക

അനുവദിക്കുന്നതിനായി ഭരണാനുമതി കാലാവധി 31-12-2024 തിയതി വരെ നീട്ടി നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ **"മോണുമെന്റ്സ്- മുസരിസ് ഹെറിറ്റേജ് പ്രോജക്ട്സ്"** എന്ന പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ചു നല്കി ഉത്തരവാകുന്നു.

4. പ്രസ്തുത പദ്ധതിയുടെ ToC Extension യഥാസമയം അനുവദിച്ചിട്ടുണ്ടെന്നും,ToC Extension സംബന്ധിച്ച് Kerala PWD Manual ലേയും, പരാമർശം (3) ഉത്തരവിലെയും നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (ഫയൽ നം.2908644/പിയു-സി3/138/2024-ധന)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/229/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 20-03-2025 12:17:28

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.